പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 4852 | 24.07.2015- ൽ മറുപടി നല്കേണ്ടത്. |

## മലപ്പുറത്തെ പബ്ലിക്ക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | മലപ്പുറത്ത് അനുവദിച്ച പബ്ലിക്ക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | എ) | മലപ്പുറം സിവിൽ സ്റ്റേഷനിൽ പബ്ലിക് ഹെൽത്ത് ലാബിന് അനുവദിച്ച കെട്ടിടത്തിന് 22 ലക്ഷം രൂപയുടെ നവീകരണ പ്രവൃത്തികൾ നടത്തി ലാബിന് അനുയോജ്യമായി ക്രമീകരിക്കുകയും കെട്ടിടം പൂർത്തീകരിച്ച് താക്കോൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത കേന്ദ്രം താൽക്കാലിക് കെട്ടിടത്തിൽ ആരംഭിക്കുന്നതിന് ഇനിയും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തേണ്ടത്; വിശദാംശം നൽകുമോ ; | ബി) | പ്രസ്തുത കേന്ദ്രത്തിന് അനുവദിച്ചത് താൽക്കാലിക കെട്ടിടമല്ല. സിവിൽ സ്റ്റേഷനിലെ പഴയ കൃഷി ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടമാണ് ജില്ലാ കളക്ടർ പബ്ലിക് ഹെൽത്ത് ലാബിനുവേണ്ടി അനുവദിച്ചിരിക്കുന്നത്. |
| സി) | ഇതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ; | സി) | തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| ഡി) | നടപടി ക്രമങ്ങൾ പൂർത്തിയാക്കി ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ? | ഡി) | തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് ലാബിന്റെ പ്രവർത്തനം തുടങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ